## പ്രസിദ്ധീകരണത്തിന്

എൻ.എസ്.എസ്സിനെ ആർ.എസ്.എസ്. വിഴുങ്ങുമെന്നും, ആർ.എസ്.എസ്സിന്റെ തൊഴുത്തിൽ കെട്ടാനുള്ള ശ്രമം നടക്കുന്നുവെന്നും, നിലപാട് ആത്മഹത്യാപരമാണെന്ന കാര്യം എൻ.എസ്.എസ്. മനസ്സിലാക്കണമെന്നും, കേരളം പ്രതീക്ഷിക്കുന്ന സമീപനമല്ല സുകുമാരൻനായരുടെ ഭാഗത്തുനിന്നും ഉണ്ടായതെന്നും, മന്നത്തുപത്മനാഭന്റെ നിരീക്ഷണം എന്താണെന്ന് എൻ.എസ്.എസ്. ഓർക്കുന്നത് നല്ലതാണെന്നും, സകല കാര്യങ്ങൾക്കും പ്രതിബന്ധമായി നില്ക്കുന്നത് യാഥാസ്ഥിതികത്വം ആണെന്നും മറ്റുമുള്ള കോടിയേരി ബാലകൃഷ്ണന്റെ ഉപദേശവും പരാമർശവും എൻ.എസ്.എസ്സിനെ പറ്റിയുള്ള അജ്ഞത മൂലവും ആനുകാലികസാഹചര്യങ്ങളിൽ ഉടലെടുത്ത നിരാശ മൂലവുമാണ് എന്നു പറയേണ്ടിയിരിക്കുന്നു.

മറ്റാരുടെയും തൊഴുത്തിൽ ഒതുങ്ങുന്നതല്ല എൻ.എസ്.എസ്. എന്ന കാര്യം കോടിയേരി ഓർക്കുന്നത് നന്ന്. അതിനുവേണ്ടി ശ്രമിച്ചവരെല്ലാം നിരാശരായ ചരിത്രമാണ് ഉള്ളത്. രാഷ്ട്രീയത്തിന് അതീതവും മതേതരത്വത്തിന് ഉതകുന്നതും മന്നത്തുപത്മനാഭന്റെ ദർശനങ്ങളിൽ അധിഷ്ഠിതവുമായ നിലപാടാണ് എൻ.എസ്.എസ്. ഇന്നും തുടരുന്നത് എന്ന കാര്യം കോടിയേരി ബാലകൃഷ്ണൻ അറിയണം.

1957-ൽ മന്നത്തുപത്മനാഭൻ നിങ്ങൾക്ക് അഭിമതനായിരുന്നു. എന്നാൽ 1959-ലെ സംഭവവികാസങ്ങളെ തുടർന്ന് മന്നത്തുപത്മനാഭനെ അനഭിമതനാക്കിയത് ആരാണ്? ഇന്ന് നിങ്ങൾക്ക് മന്നത്തുപത്മനാഭനെ നവോത്ഥാനനായകനായി അംഗീകരിക്കേണ്ടി വന്നു. അദ്ദേഹത്തെ നെഞ്ചിലേറ്റി, പ്രസ്ഥാനത്തെ നയിക്കുന്ന എൻ.എസ്.എസ്.നേതൃത്വത്തെ ആക്ഷേപിക്കാൻ ശ്രമിക്കാതെ, ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കേണ്ട കാര്യത്തിൽ നിങ്ങൾക്ക് പറ്റിയ വീഴ്ചകൾ തിരുത്താനാണ് സ്വയം ശ്രമിക്കേണ്ടത്.

എൻ.എസ്.എസ്സിന് എന്നും ഒരേനിലപാടേയുള്ളു. രാജ്യനന്മയ്ക്കു വേണ്ടി മതേതരത്വം, ജനാധിപത്യം, സാമൂഹികനീതി, ഈശ്വരവിശ്വാസം എന്നിവ സംരക്ഷിക്കുക എന്നതാണ്. അതിന്റെ പിന്നിൽ മറ്റു ലക്ഷ്യങ്ങളൊന്നുംതന്നെയില്ല. എൻ.എസ്.എസ്. എന്നും വിശ്വാസികൾക്കൊപ്പമാണ്, നിരീശ്വരവാദത്തിന് എതിരുമാണ്.

പെരുന്ന
19.12.2018

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി